ഘട്ടത്തിൽ ജയിൽ ഉദ്യോഗസ്ഥർ നേരിട്ടോ പോലീസ് എസ്കോർട്ടിലോ തടവുകാരെ ആശുപത്രികളിലെത്തിച്ച് ചികിൽസ നൽകുന്നു. ഈ ആശുപത്രികളിൽ തടവുകാർക്ക് ആവശ്യമായ ചികിൽസ ലഭ്യമല്ലാത്തപക്ഷം അവരെ തൊട്ടടുത്തുള്ള ഉയർന്ന സർക്കാർ ആശുപത്രിയിലേക്കോ മെഡിക്കൽ കോളേജ് ആശുപത്രികളിലേക്കോ അതാത് ഡോക്ടർമാർ ശുപാർശ ചെയ്യുന്നതനുസരിച്ച് എത്തിക്കുകയും ചികിൽസ ലഭ്യമാക്കുകയും ചെയ്യുന്നു.

(സി) തടവുകാർക്ക് മെച്ചപ്പെട്ട ചികിൽസ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(ഡി) ഉണ്ട്. ടി വാർത്തകളുടെ നിജസ്ഥിതിയെപ്പറ്റി അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

റൂട്ട്സ്-നോർക്കവഴിയുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

194 [3164] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനം ആരംഭിച്ചശേഷമുള്ള ഓരോ വർഷവും റൂട്ട്സ്-നോർക്ക മുഖാന്തിരം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി ലഭിച്ച അപേക്ഷകൾ എത്രയെന്നും സർവ്വീസ് ചാർജ് ഇനത്തിൽ ലഭിച്ച വരുമാനം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) എപ്രകാരമാണ് അറ്റസ്റ്റേഷൻ ചെയ്തുകൊടുക്കുന്നതെന്ന് വിശദമാക്കുമോ; ഇതിനായി എത്ര തുക എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടി ചെലവുവരുമെന്ന് വിശദമാക്കുമോ;

(സി) അറ്റസ്റ്റേഷനുള്ള അപേക്ഷകൾ സമർപ്പിക്കുവാനായി വെബ് സൈറ്റിലൂടെ ടോക്കൺ നൽകുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് നിർത്തലാക്കുവാനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) അറ്റസ്റ്റേഷനുള്ള നടപടികൾ സ്വീകരിക്കുന്നതല്ലാതെ എന്തൊക്കെ പ്രവർത്തനങ്ങളിലാണ് റൂട്ട്സ്-നോർക്ക ഏർപ്പെട്ടിരിക്കുന്നതെന്നും, ഇതിലൂടെ സ്ഥാപനത്തിന് ലഭിക്കുന്ന വരുമാനം എത്ര വീതമെന്നും വിശദമാക്കുമോ;

(ഇ) വിവിധ സ്രോതസ്സുകളിലൂടെ റൂട്ട്സ്-നോർക്കയ്ക്ക് ലഭിച്ച വരുമാനം ഓരോ വർഷവും എത്ര വീതമായിരുന്നു എന്നും ഓരോ വർഷവും എന്തൊക്കെ ആവശ്യങ്ങൾക്ക്, എത്ര തുകവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly